REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടം ഇന്ന് തുടങ്ങും.
- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിന് നാളെ തുടക്കമാകും.
- ചാമ്പ്യൻസ് ട്രോഫി കിരീടത്തിൽ മുത്തമിട്ട് ഇന്ത്യ. ദുബൈയിൽ കലാശപ്പോരാട്ടത്തിൽ ന്യൂസിലൻഡിനെ തകർത്തത് നാല് വിക്കറ്റുകൾക്ക്.
- CPIM സംസ്ഥാന സമ്മേളനം കൊല്ലത്ത് സമാപിച്ചു. നവകേരളം യാഥാർത്ഥ്യമാക്കാൻ നാടിന്റെ താല്പര്യത്തിന് വിഘാതമാകാത്ത ഏതുതരം മൂലധനനിക്ഷേപവും സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി  പിണറായി വിജയൻ.
- ഇന്ത്യ- യൂറോപ്യൻ യൂണിയൻ നിർദ്ദിഷ്ട സ്വതന്ത്ര വ്യാപാര കരാർ പത്താം റൗണ്ട് ചർച്ചകൾ ഇന്ന് ബ്രസ്സൽസിൽ തുടങ്ങും.
- സംസ്ഥാനത്ത് ഇന്നും ചൂട് കൂടാൻ സാധ്യത; കൊല്ലം, പാലക്കാട് ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെ ചൂട് ഉയരാം.

# വാർത്തകൾ വിശദമായി

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടത്തിന് ഇന്ന് തുടക്കമാകും. അടുത്ത മാസം നാല് വരെ നീണ്ടു നിൽക്കുന്ന സമ്മേളനത്തിൽ 20 സിറ്റിംഗുകൾ ഉണ്ടാകും. 2025-26 വർഷത്തെ ധനാഭ്യർത്ഥന, ധനവിനിയോഗ ബിൽ എന്നിവയിന്മേൽ ചർച്ചയും വോട്ടെടുപ്പും ഈ പാദത്തിൽ നടക്കും.

ഡെസ്ക് റിപ്പോർട്ട്

......വോയ്സ്.......

രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയ മണിപ്പൂരിന് വേണ്ടി ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ബജറ്റ് അവതരിപ്പിക്കും. കഴിഞ്ഞ മാസം മുഖ്യമന്ത്രി M ബിരേൻസിംഗ് രാജി വെച്ചത് മുതൽ മണിപ്പൂർ രാഷ്ട്രപതി ഭരണത്തിലാണ്. സാമ്പത്തിക ഇടപാടുകൾക്ക് പുറമേ, ബാങ്കിംഗ് നിയമനഭേദഗതി ബിൽ, തീരദേശ ഷിപ്പിംഗ് ബിൽ 2024, ഇമിഗ്രേഷൻ ആന്റ് ഫോറിനേഴ്സ് ബിൽ, റെയിൽവേ ഭേദഗതി ബിൽ എന്നിവയുൾപ്പെടെ നിരവധി നിയമ നിർമ്മാണങ്ങൾ രണ്ടാംഘട്ട ബജറ്റ് സമ്മേളനത്തിന്റെ സവിശേഷതകളാകും.

ബജറ്റ് സമ്മേളനത്തിന്റെ ആദ്യഘട്ടം ജനുവരി 31 മുതൽ ഫെബ്രുവരി 13 വരെയായിരുന്നു. പാർലമെന്റിന്റെ ഇരു സഭകളുടേയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്തതോടെയാണ് ബജറ്റ് സമ്മേളനത്തിന് തുടക്കമായത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിന് നാളെ തുടക്കമാകും. മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന പ്രധാനമന്ത്രി, പ്രസിഡന്റ് ധരംബീർ ഗോഖൂളിനെ സന്ദർശിക്കും. പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി നരേന്ദ്രമോദി ചർച്ച നടത്തും.

✪✪✪

നിയമസഭാ സമ്മേളനം ഇന്ന് പുനരാരംഭിക്കും. ബജറ്റ് - ധനാഭ്യർത്ഥന ചർച്ച ഇന്ന് നടക്കും. നാളെയും മറ്റന്നാളും ഇതിന്മേൽ ചർച്ച തുടരും. ബുധനാഴ്ച സഭ പിരിഞ്ഞ് 17ന് വീണ്ടും ചേരും. സബ്ജക്ട് കമ്മിറ്റിക്കുവിട്ട സ്വകാര്യ സർവകലാശാലാ ബിൽ, വയോജന കമ്മിഷൻ ബിൽ എന്നിവ നടപ്പുസമ്മേളനത്തിൽ പാസാക്കും. പൊതുസർവകലാശാലകളുമായി ബന്ധപ്പെട്ട ബില്ലിന്റെ രണ്ടാം ഭാഗം ഈ മാസം 20ന് അവതരിപ്പിക്കും.

സംസ്ഥാന സ്പോർട്സ് ഭേദഗതി ബില്ലും സഭ ചർച്ചയ്ക്കെടുക്കും. ഈ മാസം 25 വരെയാണു സഭാ സമ്മേളനം.

✪✪✪

ചാമ്പ്യൻസ് ട്രോഫി കിരീടത്തിൽ മുത്തമിട്ട് ഇന്ത്യ. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലെ കലാശപ്പോരാട്ടത്തിൽ ന്യൂസിലൻഡിനെതിരെ നാല് വിക്കറ്റിനാണ് ഇന്ത്യയുടെ ജയം. ഇതോടെ മൂന്നാം തവണയും ICC ചാമ്പ്യൻസ് ട്രോഫി നേടുന്ന ടീമായി ഇന്ത്യ  ചരിത്രത്തിൽ ഇടം നേടി.

ന്യൂസ് ഡെസ്ക് തയ്യാറാക്കിയ റിപ്പോർട്ട്

......വോയ്സ്.......

ടോസ് നേടി ബാറ്റിങ്ങിന് ഇറങ്ങിയ ന്യൂസിലൻഡ് നിശ്ചിത ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 251 റൺസ് നേടി.

വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ, 49-ാം ഓവറിൽ ലക്ഷ്യം മറികടന്നു.  ആറ് വിക്കറ്റ് നഷ്ടത്തിൽ 254 റൺസ് നേടിയാണ് ഇന്ത്യ ചരിത്ര  വിജയം സ്വന്തമാക്കിയത്. രോഹിത് ശർമയുടെ നേതൃത്വത്തിൽ  ഇന്ത്യ നേടുന്ന രണ്ടാം ICC കിരീടമാണിത്.

ക്യാപ്റ്റൻ രോഹിത് ശർമ നൽകിയ മികച്ച തുടക്കമാണ് മത്സരത്തിൽ ഇന്ത്യക്ക് ആധിപത്യം നൽകിയത്. 83 പന്തുകൾ നേരിട്ട രോഹിത് 76 റൺസ് നേടി. 48 റൺസ് നേടിയ ശ്രേയസ് അയ്യരും വിജയത്തിൽ നിർണായക പങ്കു വഹിച്ചു.

ഇന്ത്യയുടെ നാല് സ്പിന്നർമാരും ചേർന്ന് ന്യൂസിലൻഡിനെ കൂറ്റൻ സ്കോറിലേക്ക് എത്തുന്നതിൽ നിന്ന് തടഞ്ഞു. ന്യൂസിലൻഡിനായി ഡാരിൽ മിച്ചൽ 63 റൺസ് നേടി. ഇന്ത്യയ്ക്കായി വരുൺ ചക്രവർത്തിയും കുൽദീപ് യാദവും രണ്ട് വിക്കറ്റ് വീതം വീഴ്ത്തി.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് മുതൽ മൂന്ന് ദിവസം ഹരിയാന, ചണ്ഡീഗഡ്, പഞ്ചാബ് സംസ്ഥാനങ്ങളിൽ സന്ദർശനം നടത്തും. സന്ദർശനത്തിന്റെ ആദ്യ ദിവസമായ ഇന്ന്, ഹിസാറിലെ ഗുരു ജംഭേശ്വർ ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. ബ്രഹ്മകുമാരി സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് 'സമഗ്ര ക്ഷേമത്തിന് ആത്മീയ വിദ്യാഭ്യാസം' എന്ന സംസ്ഥാനതല കാമ്പയിനും അവർ തുടക്കം കുറിക്കും.

✪✪✪

CPIM സംസ്ഥാന സമ്മേളനം കൊല്ലത്ത് സമാപിച്ചു. കൊല്ലം നഗരവീഥിയെ ചുവപ്പണിയിച്ച റെഡ് വോളണ്ടിയർ മാർച്ചിലും, പ്രകടനത്തിലും ആയിരങ്ങൾ അണിനിരന്നു. ആശ്രാമം മൈതാനത്ത് സമാപനസമ്മേളനം പോളിറ്റ് ബ്യൂറോ കോർഡിനേറ്റർ പ്രകാശ് കാരാട്ട് ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തിന്റെ അവകാശങ്ങൾക്കായി നിലകൊള്ളാതെ, താൽക്കാലിക രാഷ്ട്രീയനേട്ടത്തിനായി BJP.യുമായി കൈകോർക്കുന്ന കോൺഗ്രസും, UDF-ഉം വലിയ വിലകൊടുക്കേണ്ടി വരുമെന്ന് പ്രകാശ് കാരാട്ട് പറഞ്ഞു.

✪✪✪

നവകേരളം യാഥാർത്ഥ്യമാക്കാൻ നാടിന്റെ താല്പര്യത്തിന് വിഘാതമാകാത്ത ഏതുതരം മൂലധനനിക്ഷേപവും സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി. കൊല്ലത്ത് CPIM സംസ്ഥാന സമ്മേളനത്തിന്റെ സമാപനചടങ്ങിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. പ്രവാസികൾക്കും, സഹകരണ സ്ഥാപനങ്ങൾക്കും വിഭവസമാഹരണത്തിൽ വലിയ പങ്കുവഹിക്കാനാകുമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

വരും കാലങ്ങളിൽ എയ്റോസ്പേസ് മേഖല അഭൂതപൂർവമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിക്കുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ഈ മേഖലയിലെ വെല്ലുവിളികൾ പരിഹരിക്കുന്നതിന് ഗവേഷണത്തിനും വികസനത്തിനും മുൻഗണന നൽകണമെന്നും അദ്ദേഹം നിർദേശിച്ചു. ബെംഗളൂരുവിൽ വ്യോമസേനയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയ്റോസ്പേസ് മെഡിസിൻ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു രാജ്യരക്ഷാ മന്ത്രി.

ബഹിരാകാശത്ത് മനുഷ്യൻ നേരിടുന്ന സൂക്ഷ്മ ഗുരുത്വാകർഷണം, റേഡിയേഷൻ, ഐസ്വലേഷൻ തുടങ്ങിയ വെല്ലുവിളികളെ നേരിടുന്നതിനും ശാരീരികവും മാനസികവുമായ മാറ്റങ്ങൾ ഇല്ലാതാക്കുന്നതിനും എയ്റോസ്പേസ് മെഡിസിൻ നിർണായകമാണെന്ന് രാജ്യക്ഷാ മന്ത്രി വ്യക്തമാക്കി.

✪✪✪

ഇന്ത്യ- യൂറോപ്യൻ യൂണിയൻ നിർദ്ദിഷ്ട സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച പത്താം റൗണ്ട് ചർച്ചകൾ ഇന്ന് ബ്രസ്സൽസിൽ തുടങ്ങും. ഈ വർഷാവസാനത്തോടെ കരാറിന് അന്തിമ രൂപം നൽകുകയെന്ന ലക്ഷ്യത്തോടെ, ശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലാകും യോഗം ശ്രദ്ധ കേന്ദ്രീകരിക്കുക. EU വ്യാപാര, സാമ്പത്തിക സുരക്ഷാ കമ്മീഷണർ മാരോസ് സെഫ്കോവിച്ച് അടുത്തിടെ ഇന്ത്യ സന്ദർശിച്ചപ്പോൾ സന്തുലിതവും

പരസ്പരം പ്രയോജനകരവുമായ വ്യാപാര ഉടമ്പടിക്ക് ശ്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് മാർഗങ്ങൾ ചർച്ച ചെയ്തിരുന്നു.

എട്ട് വർഷത്തിലേറെ നീണ്ട ഇടവേളയ്ക്ക് ശേഷം 2022 ജൂണിലാണ് ഇന്ത്യയും 27 രാജ്യങ്ങൾ അടങ്ങുന്ന യൂറോപ്യൻ യൂണിയനും ചർച്ചകൾ പുനരാരംഭിച്ചത്.

✪✪✪

ISL ഫുട്ബോളിൽ ചെന്നൈയിൻ FC യ്ക്ക് ജയം. ചെന്നൈയിൽ, ജംഷഡ്പൂർ FC-യെ രണ്ടിനെതിരെ അഞ്ച് ഗോളുകൾക്കാണ് ചെന്നൈയിൻ തോൽപ്പിച്ചത്.

ഇന്ന് മൊഹമ്മദെൻ FC, പഞ്ചാബ് FC-യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

കേരള പ്രീമിയർ ലീഗ് ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബോൾ ക്ലബ്, സെന്റ് ജോസഫ് കോളേജ് ദേവഗിരി മത്സരം സമനിലയിലായി. കോഴിക്കോട്ട് നടന്ന മത്സരത്തിൽ ഇരു ടീമുകളും രണ്ട് വീതം ഗോളുകൾ നേടി.

✪✪✪

ജയ്പൂരിൽ ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരള രാജാസ്ഥാൻ FCയെ എതിരില്ലാത്ത മൂന്ന് ഗോളിന് തോൽപ്പിച്ചു. ജയത്തോടെ, 18 മത്സരത്തിൽ നിന്ന് 28 പോയിന്റുമായി ഗോകുലം പട്ടികയിൽ നാലാം സ്ഥാനത്ത് തിരിച്ചെത്തി. 24 പോയിന്റുമായി രാജസ്ഥാൻ എട്ടാം സ്ഥാനത്താണ്.

ഈ മാസം 17ന് നാംധാരി FCക്കെതിരേയാണ് ലീഗിൽ ഗോകുലത്തിന്റെ അടുത്ത മത്സരം.

✪✪✪

ഭുവനേശ്വറിൽ ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽഎവേ മത്സരത്തിൽ നിത ഫുട്ബോൾ ക്ലബിനെ ഗോകുലം കേരള എതിരില്ലാത്ത രണ്ട് ഗോളിന് തോൽപ്പിച്ചു. ഏഴ് മത്സരത്തിൽനിന്ന് 17 പോയിന്റുള്ള ഗോകുലം പട്ടികയിൽ രണ്ടാം സ്ഥാനത്താണ്. ഈസ്റ്റ് ബംഗാൾ ഒന്നാംസ്ഥാനത്ത്. ഈ മാസം 15ന് ഒഡിഷ'FC-ക്കെതിരേയാണ് ഗോകുലത്തിന്റെ അടുത്ത മത്സരം.

✪✪✪

സംസ്ഥാനത്ത് ഇന്നും ചൂട് കൂടാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കൊല്ലം, പാലക്കാട് ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും പത്തനംതിട്ട, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 36 ഡിഗ്രി വരെയും ചൂട് കൂടാൻ ഇടയുണ്ട്.

അതേസമയം നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലും മറ്റന്നാൾ മലപ്പുറം, വയനാട് ജി ല്ലകളിലും മഴ സാധ്യത കണക്കിലെടുത്ത് മഞ്ഞ ജാഗ്രത പ്രഖ്യാ പിച്ചു.

✪✪✪

തിരുവല്ലയിൽ MDMA-യുമായി പിടിയിലായ കുറ്റപ്പുഴ ചുമത്ര കോവൂർ മലയിൽ വീട്ടിൽ മുഹമ്മദ് ഷമീറിനെതിരെ ബാലനീതി നിയമപ്രകാരം പൊലീസ് കേസെടുത്തു.

12 വയസുകാരൻ മകനെ മറയാക്കി MDMA തിരുവല്ലയിലും പരിസര പ്രദേശങ്ങളിലും വിറ്റിരുന്ന മുഹമ്മദ് ഷമീറിനെ ഇന്നലെയാണ് ഡാൻസാഫ് സംഘവും തിരുവല്ല പോലീസും ചേർന്ന് 3.78 ഗ്രാം MDMA-യുമായി പിടികൂടിയത്.

ബാലനീതി നിയമത്തിലെ വകുപ്പ് 78 പ്രകാരം ഭാര്യയുടെ മൊഴിയിലാണ് കേസ്.

✪✪✪

പ്രബുദ്ധതയിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന കേരളത്തെ പോലും ലഹരി മാഫിയ പിടിമുറുക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നതെന്ന് CPI സംസ്ഥാന സെകട്ടറി ബിനോയ് വിശ്വം പറഞ്ഞു. കേരള യുക്തിവാദി സംഘത്തിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട്ട് U. കലാനാഥൻ അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിനോയ് വിശ്വം.

പണക്കൊതിയാണ് വ്യാപകമായ രാസലഹരിക്ക് പിന്നിൽ പ്രവർത്തിക്കുന്നതെന്നും ഇതിനെതിരെ രാഷ്ട്രീയ പാർട്ടികൾ അടക്കം എല്ലാവരും മുന്നോട്ട് വരണമെന്നും ബിനോയ് വിശ്വം അഭിപ്രായപ്പെട്ടു.

✪✪✪

LDF ഭരണകാലത്ത് കേരളം ലഹരി മാഫിയയുടെ ഹബ്ബായി മാറിയെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം ആരോപിച്ചു. മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റി കോഴിക്കോട്ട് സംഘടിപ്പിച്ച നൈറ്റ് അലർട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലഹരി സംബന്ധമായ കുറ്റകൃത്യങ്ങളിൽ കഠിനശിക്ഷ പ്രാവർത്തികമാക്കുന്ന രാജ്യങ്ങളിൽ കുറ്റകൃത്യങ്ങൾ കുറഞ്ഞു വരികയാണെന്നും, എന്നാൽ ലഹരി മാഫിയക്ക് തഴച്ച് വളരാൻ കഴിയും വിധം മദ്യനയത്തിൽ പോലും സംസ്ഥാന ഗവൺമെന്റ് മായം കലർത്തിയെന്നും PMA സലാം കുറ്റപ്പെടുത്തി.

✪✪✪

രാസലഹരിക്കെതിരെ ജാഗ്രതയോടെ പ്രവർത്തിക്കാൻ ജീവനക്കാരുടെ സമൂഹം പ്രചാരണം ശക്തമാക്കണമെന്ന് ജോയിന്റ് കൗൺസിൽ ജനറൽ സെക്രട്ടറി ജയശ്ചന്ദ്രൻ കല്ലിംഗൽ ആവശ്യപ്പെട്ടു. കേരള അഗ്രികൾച്ചറൽ മിനിസ്റ്റീരിയൽ സ്റ്റാഫ് ഫെഡറേഷൻ - കാംസഫ് സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വടകര ഇരിങ്ങലിൽ "ഹരിതം" ദ്വിദിന പഠന ക്യാമ്പിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

BJP സംസ്ഥാന കോർ കമ്മിറ്റി യോഗം ഇന്ന് കൊച്ചിയിൽ ചേരും. മറൈൻ ഡ്രൈവിൽ പാർട്ടി പ്രഭാരി പ്രകാശ് ജാവ്ദേക്കർ, സഹ പ്രഭാരി അപരാജിത സാരംഗി എംപി എന്നിവരുടെ നേതൃത്വത്തിലാണ് യോഗം.

✪✪✪

തലശ്ശേരി ജഗന്നാഥക്ഷേത്രോത്സവത്തിന് കൊടിയേറി. ഇന്നലെ രാത്രി ക്ഷേത്രാചാര്യൻ പറവൂർ രാകേഷ് തന്ത്രി കൊടിയേറ്റി. വൈകീട്ട് സാംസ്കാരിക സമ്മേളനം ശിവഗിരിമഠം ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമി ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor: വി കെ സുരേഷ്*
*Casual News Reader: സയ്യിദ് അലി ശിഹാബ്,*
*News Team: നിമിഷ ജി*
*DEO : സുബോധ് സി കെ*